# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 236** — **28/11/2018-ൽ മറുപടിക്ക്**

### പ്രളയത്തെ തുടർന്നുള്ള പകർച്ചവ്യാധി നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, കെ. ദാസൻ**<br>**,, പി.കെ. ശശി** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) പ്രളയം സൃഷ്ടിച്ച അഭൂതപൂർവ്വ സാഹചര്യത്തിൽ പകർച്ച വ്യാധികൾ പടരാതെ, ആരോഗ്യ രംഗത്തെ വെല്ലുവിളികൾ ഫലപ്രദമായി തരണം ചെയ്യാൻ വകുപ്പ് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ ; | എ) പ്രളയ ബാധിത പ്രദേശങ്ങളിലെ ജലജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനും മുൻകരുതലിനുമായി ബോധവത്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ ത്വരിതഗതിയിൽ നാഷണൽ ഹെൽത്ത് മിഷനും ആരോഗ്യവകുപ്പും വഴി നടത്താൻ സാധിച്ചു. പ്രളയക്കെടുതി നേരിടുന്നതിനായി നാഷണൽ ഹെൽത്ത് മിഷനും ആരോഗ്യവകുപ്പും സംയുക്തമായി നേതൃത്വം വഹിക്കുന്ന കൺട്രോൾ റൂം ആരോഗ്യവകുപ്പ് കാര്യാലയത്തിൽ പ്രവർത്തിച്ചു. പത്തു ജില്ലകളിലെയും ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളും താത്കാലിക പുനരധിവാസ ക്യാമ്പുകളിലെയും പൊതു-ജനാരോഗ്യ മെഡിക്കൽ സേവനങ്ങൾ അതാതു ജില്ലാ മേധാവികളും നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും പ്രവർത്തനങ്ങൾ നടത്തി. പകർച്ചവ്യാധികൾ പടരാതിരിക്കാൻ ക്ലോറിനേറ്റ് ചെയ്ത് വെള്ളം ശുദ്ധീകരിച്ചു ഉപയോഗിക്കേണ്ടതിനെപ്പറ്റിയും ഹ്രസ്വ ചലച്ചിത്രങ്ങളും ലഘുലേഖകളും സൃഷ്ടിച്ചു ഇവ അച്ചടി ദൃശ്യ ശ്രവ്യ നവ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. പ്രളയത്തിൽ പരുക്ക് പറ്റിയവർ, പാമ്പുകടി, വൈദ്യുതിയാഘാതം, വീഴ്ച തുടങ്ങിയവ നേരിടേണ്ടി വന്നവർക്കും നൽകേണ്ടുന്ന പ്രഥമ ശുശ്രൂഷകളെപ്പറ്റി ബോധവത്കരണം ചെയ്യുന്നതിനായി ലഘുലേഖകൾ വിതരണം ചെയ്തു. രോഗം ബാധിച്ചവരെയും മുറിവേറ്റവരെയും പരിചരിക്കുന്നവർ പാലിക്കേണ്ട വ്യക്തി-ശുചിത്വത്തെപ്പറ്റിയും സന്ദേശങ്ങൾ പ്രചരിപ്പിച്ചു. |

**ബി)** ദുരന്തമുഖത്ത് സംസ്ഥാനം നടത്തിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ലോകത്തിന് മാതൃകയാണെന്ന് കേന്ദ്ര സർക്കാർ തന്നെ വിലയിരുത്തിയ മികവ് നിലനിർത്താനായി പൊതുജനാരോഗ്യ രംഗത്ത് നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ;

**ബി)** ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രോഗീ സൗഹൃദമായി മാറി-ക്കൊണ്ടിരിക്കുന്നത് മൊത്തത്തിൽ പകർച്ച-വ്യാധി ചികിത്സയ്ക്ക് നിയന്ത്രണത്തിനും വളരെ പ്രയോജനകരമാണ്. ഈ വർഷം പകർച്ചവ്യാധി നിയന്ത്രണത്തിന് ആരോഗ്യവകുപ്പ് നടപ്പിലാക്കിയ 'ആരോഗ്യ ജാഗ്രത' എന്ന വാർഷിക കർമ്മ പദ്ധതിയും വളരെ ഫലപ്രദമായിരുന്നു. അപ്രതീക്ഷിതമായി ഉണ്ടായ 'നിപ' രോഗവും വെള്ളപ്പൊക്ക ദുരന്തവും കാര്യക്ഷമതയോടെ നേരിട്ടതിന്റെ അനുഭവപാഠങ്ങൾ ഭാവിയിലെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ-ദർശകമാകുന്നതാണ്. പൊതു-ജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ പബ്ലിക് ഹെൽത്ത് കേഡർ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നുണ്ട്. രോഗ-നിരീക്ഷണത്തിനും സ്ഥിരീകരണത്തിനും ആധുനിക സജ്ജീകരണങ്ങളോടെ കേരളത്തിന് തനതായ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനും നടപടികൾ പുരോഗമിക്കുന്നു. സ്റ്റേറ്റ് പി.എച്ച് ലാബിലും ജില്ലാ പബ്ലിക് ഹെൽത്ത് ലാബിലും ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജ് മൈക്രോബയോളജി ലാബിലും മണിപ്പാൽ വൈറോളജി ലാബിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെയിലും ആലപ്പുഴയിലുള്ള അതിന്റെ ശാഖയിലുമായി പകർച്ചവ്യാധി സ്ഥിരീകരണത്തിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്.

**സി)** പ്രളയം മൂലം തകർന്ന ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതു ആരോഗ്യ-സേവന സ്ഥാപനങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

**സി)** മഹാപ്രളയത്തിൽ ആരോഗ്യമേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യ സംവിധാനങ്ങളുടെ പുനർനിർമ്മാണം, നവീകരണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആകെ 226 സ്ഥാപനങ്ങളുടെ പുനർനിർമ്മാണവും നവീകരണവുമാണ് ആവശ്യമായിട്ടുള്ളത്. ഇവയ്ക്ക് ഏകദേശം 125.71 കോടിയോളം

നവീകരണവുമാണ് ആവശ്യമായിട്ടുള്ളത്. ഇവയ്ക്ക് ഏകദേശം 125.71 കോടിയോളം രൂപയുടെ ചെലവ് കണക്കാക്കിയിട്ടുണ്ട്. പൂർണ്ണമായി നാശനഷ്ടം സംഭവിച്ച പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം മുതലായ സ്ഥാപനങ്ങൾക്ക് സ്പോൺസർമാരുടെ സഹായത്തോടെ പുനർനിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ എടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പകർച്ചവ്യാധി നിയന്ത്രണത്തിന് അനിവാര്യമായ ത്വരിതഗതിയിലുള്ള രോഗ നിർണ്ണയം സാധ്യമാക്കുന്നതിനുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | ഡി) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ, അന്താരാഷ്ട്ര നിലവാരത്തിൽ സ്വയംഭരണാധികാരമുള്ള ഗവേഷണ വികസന സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) എന്ന സ്ഥാപനം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടിയായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 കോടി രൂപ 3425-60-200-55-36 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള ശുപാർശകൾ പരിശോധിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക സമിതിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രീ-ഫാബ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ക്ലിപ്തം-യ്ക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2019 ആദ്യമാസങ്ങളിൽ സംരംഭം ഉദ്ഘാടനം ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ എന്ന സ്ഥലത്ത് കേരള സംസ്ഥാന |

വ്യാവസായിക വികസന കോർപ്പറേഷന്റെ (KSIDC) കീഴിലുള്ള "ലൈഫ് സയൻസ് പാർക്കി"ലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**